സിവിൽ സപ്ലൈസ് വകുപ്പുവഴി വയനാട് ജില്ലയിൽ നടപ്പിലാക്കിയ പരിപാടികൾ

112 (178) ശ്രീ. എം. പി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 ഉൾപ്പെടെയുള്ള കഴിഞ്ഞ നാലുവർഷങ്ങളിൽ പൊതുവിതരണ രംഗത്ത് വയനാട് ജില്ലയിൽ ആരംഭിച്ച സംരംഭങ്ങളുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ;

(ബി) വയനാട് ജില്ലയിലെ പൊതുവിതരണരംഗം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിലെ പൊതുവിതരണരംഗത്തെ പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുന്നതിന് കഴിഞ്ഞ നാലുവർഷങ്ങളിൽ ചേർന്ന ജില്ലാതല യോഗങ്ങളുടേയും സംസ്ഥാനതല യോഗങ്ങളുടേയും വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വയനാട് ജില്ലയിലെ പ്രൈസ് മോണിട്ടറിംഗ് സെല്ലിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. വൈത്തിരി താലൂക്ക് : എസ്.സി. വിഭാഗത്തിൽപ്പെട്ട 1408 റേഷൻ കാർഡുടമകളെയും എസ്.ടി. വിഭാഗത്തിൽപ്പെട്ട 2072 കാർഡുടമകളെയും മറ്റു വിഭാഗങ്ങളിൽപ്പെട്ട 6620 കാർഡുടമകളെയും 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്ന സ്കീമിൽ ഉൾപ്പെടുത്തി. 25 വില്ലേജ് ഗ്രെയിൻ ബാങ്കുകൾ ആരംഭിച്ചു.

2. മാനന്തവാടി താലൂക്ക് : എസ്.സി. വിഭാഗത്തിൽപ്പെട്ട 607 റേഷൻ കാർഡുടമകളെയും എസ്.ടി. വിഭാഗത്തിൽപ്പെട്ട 2242 കാർഡുടമകളെയും മറ്റു വിഭാഗങ്ങളിൽപ്പെട്ട 6129 കാർഡുടമകളെയും 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്ന സ്കീമിൽ ഉൾപ്പെടുത്തി. 2 മാവേലി ഹോട്ടലുകൾ ആരംഭിച്ചു. 2 മാവേലി സ്റ്റോറുകൾ സൂപ്പർമാർക്കറ്റുകളാക്കി. 26 വില്ലേജ് ഗ്രെയിൻ ബാങ്കുകൾ ആരംഭിച്ചു.

3. സുൽത്താൻ ബത്തേരി താലൂക്ക് : എസ്.സി. വിഭാഗത്തിൽപ്പെട്ട 644 റേഷൻ കാർഡുടമകളെയും എസ്.ടി. വിഭാഗത്തിൽപ്പെട്ട 3890 കാർഡുടമകളെയും മറ്റു വിഭാഗത്തിൽപ്പെട്ട 5814 കാർഡുടമകളെയും 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്ന സ്കീമിൽ ഉൾപ്പെടുത്തി പുതുതായി റേഷൻകടകൾ, ഒരു മാവേലി ഹോട്ടൽ എന്നിവ ആരംഭിച്ചു. 27 വില്ലേജ് ഗ്രെയിൻ ബാങ്കുകൾ ആരംഭിച്ചു.

പൊതുവിതരണ പരിശോധനയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ മറ്റ് ഡിപ്പാർട്ട്മെന്റ് ജീവനക്കാരെ ഉൾപ്പെടുത്തി ഒരു സ്കാഡ് പ്രവർത്തിച്ചുവരുന്നു. എല്ലാ റേഷൻ കടകളിലും താലൂക്ക് സപ്ലൈ ഓഫീസിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുടങ്ങാതെ പരിശോധന നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടികൾ സപ്ലൈകോ സ്വീകരിക്കുന്നുണ്ട്. റേഷൻ കാർഡുകൾ ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും പ്രത്യേകിച്ച് ആദിവാസി വിഭാഗക്കാർക്ക് റേഷൻകാർഡ് നൽകുവാനും അവ A.A.Y പദ്ധതിയിൽ ഉൾപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2 രൂപ നിരക്കിൽ അരി വിതരണം A.P.L. കാർഡുകളിൽ അസംഘടിത മേഖലയിൽ ഉൾപ്പെടുന്നവർക്ക് നൽകിവരുന്നു. കൂടാതെ ജില്ലയിലെ ആദിവാസി റേഷൻ രംഗത്ത് നടക്കുന്ന ക്രമക്കേടുകൾ തടയുന്നതിനും കാർഡുടമകൾക്ക് അവകാശപ്പെട്ട റേഷൻ ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ആദിവാസി കോളനി സന്ദർശനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ട്രൈബൽ പ്രൊമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

ജില്ലയിലെ പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തുതല ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ ജില്ലാ/താലൂക്ക്/ഗ്രാമ പഞ്ചായത്ത് ഭരണസമിതികൾ അധികാരത്തിൽവന്ന സാഹചര്യത്തിൽ പ്രസ്തുത സമിതികൾ യോഗം ചേരുകയും പൊതുവിതരണവുമായി ബന്ധപ്പെട്ട് പരാതികൾ ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(സി) പൊതുവിതരണ രംഗത്തുള്ള പരാതികളും ആക്ഷേപങ്ങളും പരിഹരിക്കുന്നതിനായി താലൂക്കുതല ഭക്ഷ്യോപദേശക വിജിലൻസ് സമിതി പ്രവർത്തിച്ചുവരുന്നു. താലൂക്കുതല ഉപഭോക്തൃ ബോധവൽകരണ സെമിനാറുകൾ നടത്തിവരുന്നുണ്ട്. കഴിഞ്ഞ നാലു വർഷങ്ങളിൽ 10 സംസ്ഥാനതല യോഗങ്ങളും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 10 ജില്ലാതല യോഗങ്ങളും കൂടിയിട്ടുണ്ട്.

(ഡി) ഭക്ഷ്യവസ്തുക്കളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും വിലവർദ്ധന തടയുന്നതിനും വില നിലവാരം നിയന്ത്രിക്കുന്നതിനുമായി ജില്ലാ/താലൂക്കുതല പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിച്ച സ്ക്വാഡുകൾ ജില്ലയിലെ വിവിധ സ്ഥലങ്ങളിലെ വ്യാപാര സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, പച്ചക്കറിക്കടകൾ എന്നിവയിൽ മിന്നൽ പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ജില്ലയിൽ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡും പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly